കേരളസർവകലാശാല
Re-accredited by NAAC with A++ GRADE

നം. പി.ആർ. **164/2026** തിരുവനന്തപുരം, തീയതി **: 04/08/2026**

# പത്രക്കുറിപ്പ്

## പരീക്ഷ മാറ്റിവച്ചു

കേരള സർവകലാശാല 2026 ആഗസ്റ്റ് 05 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും (തിയറി, പ്രാക്ടിക്കൽ, വൈവവോസി ഉൾപ്പെടെ) മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

കേരള സർവകലാശാല പഠന വകുപ്പുകളിലെ പരീക്ഷകളും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

## കേരള സർവകലാശാല
## ബിരുദാനാന്തര ബിരുദ പ്രവേശനം - 2026
## എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ബിരുദാനാന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകളിലേക്ക് 2026 ആഗസ്റ്റ് 6 ന് പാളയം, കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെയാണ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്ന വരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെയോ പ്രതിനിധിയെയോ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും [മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (മറ്റ് സർവകലാശാലകളിൽ നിന്നും ബിരുദം പാസ്സായവർ)] ജാതിയും (Community Certificate for SC/ST Candidates), തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം.

കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ 200/- രൂപ അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്. കോളേജ് പ്രവേശനം ആഗസ്റ്റ് 07, 10 തീയതികളിൽ.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/pg2026/) പ്രസിദ്ധീകരിക്കുന്നതാണ്.

വിശദവിശദവിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പർ : 8281883052 (Whatsapp also), ഇ-മെയിൽ : ach@keralauniversity.ac.in.

## കേരള സർവകലാശാല
## ബിഎഡ് പ്രവേശനം 2026 - 27
## ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 7 ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയകോളേജുകൾ എന്നിവയിലേക്കുള്ള ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള ജനറൽ, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട, സീറ്റുകളി ലേക്ക് സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 7 ന് പാളയം, കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെയാണ്, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്ന വരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെയോ പ്രതിനിധിയെയോ അയക്കാവുന്നതാണ്.

നിലവിൽ കേരള യൂണിവേഴ്സിറ്റിയിൽ ബിഎഡ് അഡ്മിഷനുള്ള വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും, ടി.സി യും യോഗ്യതയും (ഇ.ഡബ്ല്യൂ.എസ്, ഭിന്നശേഷി - more than 40%) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം.

ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്.

ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പിജി പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരള സർവകലാശാല

അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

കോളേജിലെ ഒഴിവുള്ള ബ്ലൈൻഡ്, ഡിഫറന്റ്ലി ഏബിൾഡ് (D A) ക്വാട്ട സീറ്റുകൾ, അതാതു കാറ്റഗറിയിലെ വിദ്യാർത്ഥികൾ ഇല്ലാത്തപക്ഷം ജനറൽ സീറ്റിലേക്ക് കൺവെർഷൻ നടത്തി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്.

കെ.യു.സി.റ്റി.ഇകളിലെ മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന അതാതു കോളേജിലെ മറ്റു കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

EWS വിഭാഗത്തിൽ ഉള്ള ഒഴിവുകളിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളെ മാത്രമാണ് പരിഗണിക്കുന്നത്. EWS വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന മറ്റു കോഴ്സുകളിലെ EWS വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in) ശ്രദ്ധിക്കേണ്ടതാണ്. വിശദവിശദവിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പർ : 8281883053 (Whatsapp also), ഇമെയിൽ : bedadmission@keralauniversity.ac.in.

## **പരീക്ഷാഫലം**

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2026 ജനുവരിയിലെ നോട്ടിഫിക്കേഷൻ പ്രകാരം നടത്തിയ ഒന്ന് രണ്ട് സെമസ്റ്റർ എംഎ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎഡ് (2022 സ്കീം – റെഗുലർ - 2025 അഡ്മിഷൻ, സപ്ലിമെന്ററി - 2024 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്ക് 2026 ആഗസ്റ്റ് 13 വരെ അപേക്ഷിക്കാം.വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എംഎഫ്എ (പെയിന്റിംഗ്, സ്കൾപ്ച്ചർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഏപ്രിലിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്സി ജിയോളജി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്ക് www.slcm.keralauniversity.ac.in മുഖേന 2026 ആഗസ്റ്റ് 13 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി മാത്തമാറ്റിക്സ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്ക് www.slcm.keralauniversity.ac.in മുഖേന 2026 ആഗസ്റ്റ് 13 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരള സർവകലാശാല 2026 ആഗസ്റ്റിൽ നടത്തുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള LNCPE, തിരുവനന്തപുരം കോളേജിലെ BPEd (4 yr), MPES കോഴ്സുകളിൽ ഒഴിവ് വന്ന SC/ST വിഭാഗം സീറ്റുകളിലേയ്ക്ക് യോഗ്യതയുള്ള വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

താല്പര്യമുള്ള വിദ്യാർഥികൾ പ്രോസ്പെക്ടസിൽ പറയുന്ന നിശ്ചിത യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും ഫിറ്റ്നസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും ഒറിജിനലും സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി അഡ്മിഷൻ ടെസ്റ്റിന് പങ്കെടുക്കുന്നതിനായി 2026 ആഗസ്റ്റ് 06 ന് പ്രസ്തുത കോളേജിൽ എത്തിച്ചേരേണ്ടതാണ്. പ്രസ്തുത തീയതിയിൽ നടത്തുന്ന അഡ്മിഷൻ ടെസ്റ്റിൽ ഒഴിവുകൾ നികത്താനായിട്ടില്ലായെങ്കിൽ 2026 ആഗസ്റ്റ് 13, 20 തീയതികളിൽക്കൂടി അഡ്മിഷൻ ടെസ്റ്റ് നടത്തുന്നതാണ്.

ഈ വർഷത്തെ (2026-2027) അഡ്മിഷൻ ടെസ്റ്റിന് പങ്കെടുത്ത വിദ്യാർഥികൾ അപേക്ഷിക്കാൻ യോഗ്യരല്ല. കൂടുതൽ വിവരങ്ങൾക്ക്: 0471 2412189.

## സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2026 ആഗസ്റ്റ് 06 മുതൽ 13 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യൂവേഷൻ ഇ.ജെ. X വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**